## ഉളിയൻകോട് വാർഡ് – 18

1. മാമ്പഴവിള, കൊടുങ്ങൻചേരി തോട് – കൈതയും ഈറയും വച്ചു പിടിപ്പിക്കൽ

കല്ല് അടുക്കൽ തടയണകെട്ടൽ

1. പഴവിള, വർത്തൂക്കോണം തോട്
2. കൊടുങ്ങൽചേരി, മൂത്തൻകാവ് തോട്
3. മൂത്തൻകാവ്, ഉളിയൻകോട് തോട്
4. ഊറാംകുഴി, കോടുങ്ങൽ ചേരി തോട്

**കുളങ്ങൾ**

1. മാമ്പഴവിള കുളം – കല്ലുകെട്ടി വൃത്തിയാക്കൽ
2. പാങ്ങൽകുന്ന് കുളം – ,,
3. കടുമാൻകുഴി കുളം – ,,
4. വർത്തൂകോണം കുളം – ,,
5. ഊറാംകുഴി കുളം – 2 എണ്ണം, മുത്തൻകാവ് സ്വകാര്യകുളം
6. പാങ്ങൻകുന്ന ക്ഷേത്രക്കുളം
7. പരവൂർപുഴ കുളം

**കാവ് സംരക്ഷണം**

1. മുത്തൻകാവ്
2. പാങ്ങൻകുന്ന് കാവ്

**കുടിവെള്ള പ്രശ്നം**

1. വർത്തൂക്കോണത്ത് കുഴൽക്കിണർ നിർമ്മാണം
2. പഴവിള പ്രദേശം – മഴക്കുഴി നിർമ്മാണം
3. മാമ്പഴവിള പ്രദേശം – മഴക്കുഴി നിർമ്മാണം

**മഴവെള്ള സംഭരണി**

**പൊതുസ്ഥാപനങ്ങൾ**

1. ഗവ. എൽ. പി. എസ്. പാങ്ങോട്
2. യു. പി. എസ്. പാങ്ങോട്, പഴവിള
3. അംഗൻവാടി, കടുമാൻകുഴി
4. പാൽ സൊസൈറ്റി

   (പൊതുസ്ഥലങ്ങൾ, കോളനികൾ)

**കൃഷി**

1. ഇടവിള കൃഷി, പൈനാപ്പിൾ

2. പച്ചക്കറി, ഇഞ്ചി എന്നിവ ചാക്കിൽ നടുക.
3. വെറ്റിലകൃഷി
4. വാഴകൃഷി
5. കുരുമുളക് കൃഷി
6. കൂൺ കൃഷി
7. കന്നുകാലി വളർത്തൽ
8. തേനീച്ച വളർത്തൽ
9. മുയൽ വളർത്തൽ
10. ആട് വളർത്തൽ
11. കോഴി വളർത്തൽ
12. മത്സ്യകൃഷി
13. മുല്ലകൃഷി, അലങ്കാരച്ചെടി കൃഷി

**കാർഷിക വിപണന കേന്ദ്രം**

## കൊച്ചാലുംമൂട് വാർഡ്– 17

**അയൽക്കൂട്ടം –** 3

**തോടുകൾ –** തടയണ കെട്ടൽ ജൈവവേലിനിർമ്മാണം കല്ല്കെട്ടൽ (വശങ്ങളിൽ)

1. കൊടുങ്ങൻചേരി മുതൽ മുന്നോടിമൂല വരെ ചേരുന്ന തോട്
2. പാലുവള്ളി മൂന്നോടി മൂല തോട് സംരക്ഷണം
3. കൊച്ചാലും മൂട് ഉളിയൻകോട് തോട്
4. കുറവൻകോണം മുതൽ വട്ടക്കോണം വരെയുള്ള തോട്

**മേലേ പാലുവള്ളി (കുളം)**

1. ശകുന്തളയിലെ പുരയിടത്തിലെ കുളം സംരക്ഷിച്ച് മത്സ്യ സംരക്ഷയണം നടത്തുക
2. മേലേ പാലുവള്ളി സുധാകരന്റെ പുരയിടത്തിലെ ഒരു കുളം
3. ചെണ്ടഴശ്ശേരിയിലെ ഒരു പൊതുകുളം
4. ചെണ്ടഴശ്ശേരിയിലെ മനോജിന്റെ പുരിയടത്തിലെ കുളം സംരക്ഷിച്ച് മത്സ്യകൃഷി നടത്തുക.
5. ചെങ്ങഴശ്ശേരി, കന്യാരുകുഴി തോടിന്റെ സമീപത്തെ ട്രാക്ടർ റോഡ് സംരക്ഷിക്കു (പാലുവള്ളി)
6. കുറവൻകോണം മുതൽ വട്ടക്കോണം വരെയുള്ള ബണ്ട് നിർമ്മാണം.

**കീടനാശിനി (കാർഷിക വിള സംരക്ഷണം)**

1. റബ്ബർ കർഷകൻ റബ്ബർ തളിരിടുന്ന സമയത്ത് കൂട്ടയ്മയായി കീടനാശിനി തളിക്കുക.
2. വെറ്റിലകൃഷിക്ക് നല്ല ഗുണനിലവാരമുള്ള വള്ളിയും, അത് നശിച്ച് പോകാതിരിക്കാനുള്ള ജൈവകീട നാശിനികളും, ജല സേചനത്തിനായി പമ്പ് സെറ്റുകളും ആവശ്യമാണ്.

**പച്ചക്കറി കൃഷി**

ചെറുകിട കർഷകനും വൻകിടകർഷകനും അനിയോജ്യമാകത്തക്ക നിലയിൽ ഗുണ നിലവാരമുള്ള, വിത്തും, വളവും, ജലസൗകര്യവും നൽകുക.

**ഇടനിലകൃഷി**

മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ് എന്നീ ഇടവക കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിനായി അനിയോജ്യമായ വിത്തും, വളവും നൽകുക. കൈതച്ചക്ക, രാമച്ചം, വാഴ എന്നീ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

**ക്ഷീര കർഷകർ**

1. ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുനനതിനായി അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത് നിർമ്മാണം കന്ന്കുട്ടി പരിപാലനം, വറ്റ്കാല സംരക്ഷണം നടപ്പിലാക്കുക.
2. ആട്, കോഴി, പശു, മുയൽ, താറാവ് എന്നിവയെ വളർത്തുന്ന കർഷകർക്ക് ജൈവവള യൂണിറ്റുകളും, നടപ്പിലാക്കുന്നതിന്, ബയോഗ്യാസ് നിർമ്മാണത്തിനുമായി ധനസഹായം നൽകുക.

**കാർഷിക നിർദ്ദേശങ്ങൾ**

തെങ്ങിന് ജലം സംരക്ഷിച്ച് നിർത്താനുള്ള തടമെടുക്കൽ, പുതയിടൽ, മഴക്കുടി നിർമ്മാണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നടപ്പിലാക്കുക. തീറ്റപ്പുൽ കൃഷിക്ക് ആവശ്യമായ വിത്തുകളും, വളവും നൽകുക.

1. കാട്ട് പന്നികളുടെ ശല്യത്തിൽ നിന്ന് സംരക്ഷണത്തിന് വേണ്ടി കിടങ്ങുകൾ ഉണ്ടാക്കുക (ജൈവവേലി)
2. കാർഷിക വിളകൾ നശിപ്പിക്കുന്ന എലികളുടെ ശല്യം ഒഴിവാക്കുന്നതിന് വേണ്ടി എലി നശീകരണ മാർഗ്ഗം നടപ്പിലാക്കുക.

## പുളിക്കര വാർഡ്- 15

പുളിക്കര വാർഡിൽ ഈ പ്രദേശത്തു വളരുന്ന ഒരു ആയൽക്കൂട്ടമേയുള്ളൂ. 55 വീടുകൾ ഉണ്ട്.

ബൗണ്ടർ മുകളിൽ നിന്നും കാഞ്ചിനട തോട്ടിലേക്ക് പോകുന്ന ഒരു നീർച്ചാൽ ഉണ്ട്. അതിനെ പരിപോഷിപ്പിച്ച് ചെറിയ ഒരു തോടായി രൂപപ്പെടുത്തി ജൈവവേലികെട്ടി സംരക്ഷിക്കണം.

കുറവൻകോണം എന്ന സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തിയുടെ കുളമുണ്ട്. അതിന്റെ വിസ്തൃതികൂട്ടി കല്ല് കെട്ടി സംരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കാം. കാഞ്ചിനട തോടിന് സമീപം ഒരു പൊതുകുളമുണ്ട്. അത് വൃത്തിയാക്കി മത്സ്യകൃഷിക്ക് അനുയോജ്യമാക്കാം.

ബൗണ്ടർ മുക്കിന് സമീപം ജീർണ്ണത ബാധിച്ച ഒരു കാവ് സ്ഥിതിചെയ്യുന്നുണ്ട്. അത് മരങ്ങൾ വച്ച് പിടിപ്പിച്ച് സമ്പൂർണ്ണ വനവൽക്കരണം നടത്താൻ അനുയോജ്യമാണ്. പ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ളത്തിന്റെ ബുദ്ധിമുട്ടുണ്ട്. അതിനൊരു പരിഹാരം കിണറിന്റെ ആഴം വർദ്ധിക്കുകയും മഴക്കുഴികളും കോണ്ടൂർ ബണ്ടുകളും സ്ഥാപിച്ച് ഇതിനൊരു പരിഹാരം കാണാവുന്നതാണ്.

ജീവനോപാധികൾ

മലയോര പ്രദേശമായതിനാൽ കാട്ടുപന്നിയുടെ ശല്യം മൂലം എല്ലത്തരം കൃഷികളും നടത്താൻ കഴിയുന്നില്ല. ഔഷധസസ്യങ്ങളും ഇഞ്ചി മുതലായ പച്ചക്കറികൾക്കും അനുയോജ്യമായ പ്രദേശമാണ്.

പശു വളർത്തൽ, ആട്, കോഴി, തേനീച്ച, കൂൺ കൃഷി എന്നിവക്കും അനുയോജ്യമായ പ്രദേശമാണ്. തൊഴിലില്ലാത്ത യുവജനങ്ങൾ കൂടുതൽ ഉള്ള ഒരു പ്രദേശമായതിനാൽ ലേബർ ബാങ്ക് സ്ഥാപിക്കാൻ കഴിയും.

## പാങ്ങോട് വാർഡ്- 3

**തോടുകൾ**

1. മന്നാനിയ മുതൽ ഉളിയൻകോടുവരെയുള്ള തോട്
2. വാഴവിള, വാറുവിള തോട്

**കുളങ്ങൾ**

1. വാഴവിള, ഉളിയൻകോട് (സ്വകാര്യം) ഇവ മലിന മാകാതെ സംരക്ഷിക്കണം. ജൈവവേലികെട്ടണം.

**കാർഷിക വിഷയങ്ങൾ**

1. ചരിഞ്ഞ പ്രദേശങ്ങളിൽ മഴകുഴി നിർമ്മാണം
2. തെങ്ങിന് തടമെടുക്കൽ, പുതയിടൽ
3. പച്ചക്കറി കൃഷി വീടുകൾ തോറും ചെയ്യാനുള്ള സൗകര്യം ചെയ്ത് കൊടുക്കൽ (തൊഴിലുറപ്പ് പദ്ധതിയിലൂടെ)
4. ടവറ്റില കൃഷി - വെറ്റില കൃഷിക്ക് ജലസേചന സൗകര്യം വേണം.
5. വൃക്ഷതൈകൾ വിതരണം ചെയ്ത് ഇത് നട്ടുപിടിപ്പിക്കാനുള്ള സംവിധാനം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്തുക.
6. വാഴകൃഷി, ചേമ്പ്, ചേന എന്നീ കൃഷികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്താൻ സൗകര്യം ഉണ്ടാക്കുക.
7. തീറ്റ പുല്ല് വളർത്തൽ, ക്ഷീര കർഷകർക്കും മറ്റ് താൽപര്യമുള്ള ആൾകാർക്കും പശുക്കളെ വാങ്ങാനും വളർത്താനുമുള്ള സൗകര്യം ഉണ്ടാക്കുക.
8. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.
9. ഉത്പാദനക്ഷമതയുള്ള പശുകുട്ടികളെ ഉൽപ്പാദിപ്പിക്കുവാനും അതിന് സൗജന്യ നിരക്കിൽ തീറ്റ നൽകാനും ഉള്ള സൗകര്യം ഉണ്ടായിരിക്കണം.
10. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
11. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
12. റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി കൈതച്ചക്ക കൃഷി ചെയ്യണം.
13. നഴ്സറി ഉണ്ടാക്കി പച്ചക്കറി തൈകളും റബ്ബർ തൈകളും ഉല്പാദിപ്പിച്ചു നൽകുക.
14. പന്നി ശല്യത്തിനെതിരെ ജൈവ വേലിയും കിടങ്ങും നിർമ്മിക്കുക, അതോടൊപ്പം വേലിക്ക് ഉപയോഗിക്കുന്ന മുള്ളുള്ള മലേഷ്യൻ ചെടി വേലിയായി ഉപയോഗിച്ചാൽ കാട്ടുമൃഗങ്ങളുടെ ശല്യം കുറയും.